RCS/66/2025-AEL(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825
തീയതി: 31-03-2025

## സർക്കുലർ നമ്പർ _14_/2025

വിഷയം: സഹകരണ വകുപ്പ് – പ്രാഥമിക സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2025 – ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്

സൂചന:
1. സഹകരണ സംഘം രജിസ്ട്രാറുടെ 01.01.2025 - ലെ 1/2025 നമ്പർ സർക്കുലർ
2. സഹകരണ സംഘം രജിസ്ട്രാറുടെ 07.02.2025 - ലെ 5/2025 നമ്പർ സർക്കുലർ
3. സഹകരണ സംഘം രജിസ്ട്രാറുടെ 01.03.2025 - ലെ 8/2025 നമ്പർ സർക്കുലർ

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും, വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ / ബാങ്കുകളിൽ 2025 ജനുവരി 02 മുതൽ 2025 മാർച്ച് 31 വരെ “നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2025 – നടത്തുന്നത് സംബന്ധിച്ച് സൂചന (1),(3) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

സഹകാരികൾക്ക് ടി പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ലായെന്നും, പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭ്യമാക്കണമെന്നും വ്യാപകമായ ആവശ്യം ഉയർന്നതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാരുടെ സൂചന (1), (2) സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി പദ്ധതിയുടെ കാലാവധി 2025 ഏപ്രിൽ 1 മുതൽ 2025 ഏപ്രിൽ 30 വരെ ദീർഘിപ്പിച്ച് നടപ്പിലാക്കുവാൻ അനുമതി നൽകുന്നു.

(ഒപ്പ്)
ഡോ. ഡി. സജിത് ബാബു. ഐ.എ.എസ്
**സഹകരണ സംഘം രജിസ്ട്രാർ**

**പകർപ്പ്**

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
   **(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)**
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
   **(ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)**
8. സ്റ്റോക്ക് ഫയൽ
9. സഹകരണ വീഥി
10. വെബ് സൈറ്റ്
11. പ്രസിദ്ധീകരണത്തിന് (പബ്ലിക്ക് റിലേഷൻസ് ആഫീസർക്ക്)
12. സ്പെയർ

//ആജ്ഞാനുസരണം//

Signed by Bindu A
Date: 31-03-2025 13:21:57
അസിസ്റ്റന്റ് രജിസ്ട്രാർ(സി.എൽ.റ്റി)